**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094** **10-08-2023 - ൽ മറുപടിയ്ക്ക്**

**പരപ്പനങ്ങാടിയിലെ കടൽഭിത്തി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പി. എ. മജീദ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പരപ്പനങ്ങാടി നഗരസഭയുടെ തീരപ്രദേശത്ത് കടൽഭിത്തി നിർമ്മിക്കുന്നതിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചോ; വിശദമാക്കാമോ; | (എ) | പരപ്പനങ്ങാടി തീരപ്രദേശത്ത് കടൽ ഭിത്തി നിർമ്മിക്കുന്നതിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതി ലഭിച്ച 5 പ്രവൃത്തികളിൽ താഴെ പറയുന്ന മൂന്ന് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകിയ ശേഷം ടെണ്ടർ നടപടികൾ സർക്കിൾ ഓഫീസിൽ നിന്നും സ്വീകരിക്കുന്നതാണ്.<br><br>1. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ കെ.ടി നഗർ പ്രദേശത്ത് സി.ഇ.എസ്.സി.പി. 1692ൽ നിന്നും 40 മീറ്റർ തെക്ക് നിന്നാരംഭിച്ച് തെക്കോട്ട് 140 മീറ്റർ നീളത്തിൽ പരപ്പനങ്ങാടി തീരദേശത്തെ കടൽ ഭിത്തിയുടെ പുനരുദ്ധാരണം. Rs.1,03,60,000/-<br><br>2. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുൻസിപ്പാലിറ്റിയിലെ സദ്ദാം ബീച്ച് പ്രദേശത്തെ സി ഇ എസ് സി പി 1694ൽ നിന്നും 26 മീറ്റർ തെക്ക് നിന്നും 140 മീറ്റർ നീളത്തിൽ തെക്കോട്ട് പരപ്പനങ്ങാടി തീരപ്രദേശത്തെ കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തി- Rs. 1,15,60,000/-<br><br>3. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ ഫിഷ് ലാൻഡിങ് സെന്ററിന് മുൻവശത്തായി സി ഇ എസ് സി പി 1700ന് 28 മീറ്റർ തെക്ക് നിന്നും 100 മീറ്റർ നീളത്തിൽ തെക്കോട്ട് പുത്തൻകടപ്പുറം ഭാഗത്തെ പരപ്പനങ്ങാടി തീരപ്രദേശത്തിന്റെ കടൽഭിത്തി പുനരുദ്ധാരണം പ്രവൃത്തി- Rs. 1,28,10,000/-<br><br>സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പുരോഗമിക്കുന്ന പ്രവൃത്തികൾ താഴെ പറയുന്നു<br><br>1. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിലെ പുത്തൻകടപ്പുറം ഭാഗത്ത് സി ഇ എസ് സി പി 1701-ൽ നിന്ന് 7 മീറ്റർ തെക്കു നിന്ന് 90 മീറ്റർ നീളത്തിൽ |

| | | | |
|---|---|---|---|
| | | | വടക്കോട്ട് പരപ്പനങ്ങാടി തീരപ്രദേശത്തിന്റെ പുനരുദ്ധാരണം – Rs. 73,70,000/-<br>2. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി നഗരസഭയിലെ ആലിങ്ങൽ പള്ളികുളം ഭാഗത്ത് സി ഇ എസ് സി പി 1712 നിന്ന് ആരംഭിച്ച് 85 മീറ്റർ നീളത്തിൽ തെക്കോട്ട് പരപ്പനങ്ങാടി തീരപ്രദേശത്തിന്റെ കടൽ ഭിത്തി പുനരുദ്ധാരണ പ്രവൃത്തി – Rs. 79,00,000/- |
| (ബി) | ഇല്ലെങ്കിൽ നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നതിന്റെ കാരണങ്ങൾ വിശദമാക്കാമോ; | (ബി) | നടപടികൾ പൂർത്തീകരിക്കാൻ കാലതാമസം വന്നിട്ടില്ല |
| (സി) | പരപ്പനങ്ങാടി തീരപ്രദേശത്ത് കടൽ ഭിത്തി നിർമ്മാണത്തിൽ മേൽപ്പറഞ്ഞ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത ഭാഗങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് നബാർഡ് ഫണ്ട് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) | പരപ്പനങ്ങാടി തീരത്ത് കടൽ ഭിത്തി നിർമ്മാണത്തിൽ മേൽപ്പറഞ്ഞ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നബാർഡ് പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രവൃത്തികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത പ്രവൃത്തിക്ക് നബാർഡ് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി ഉത്തരവ് എന്നത്തേക്ക് ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ? | (ഡി) | പരപ്പനങ്ങാടി തീരത്ത് കടൽ ഭിത്തി നിർമ്മാണത്തിൽ മേൽപ്പറഞ്ഞ ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത പ്രദേശങ്ങളിൽ പ്രവൃത്തി നടപ്പാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ നബാർഡ് പദ്ധതിയിൽ ഫണ്ട് ലഭ്യമാക്കുന്നതിന് പ്രവൃത്തികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ